**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 154 | 06.07.2015 ൽ മറുപടിക്ക്

# ഒരു പൗരന് ഒരു സമ്പൂർണ്ണ കാർഡ്

<u>ചോദ്യം</u>

**ശ്രീ. എം. ഉമ്മർ**
**ശ്രീ. എൻ. എ നെല്ലിക്കുന്ന്**
**ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ**
**ശ്രീ.കെ. എൻ.എ. ഖാദർ**

<u>മറുപടി</u>

**ശ്രീ. ഉമ്മൻ ചാണ്ടി**
**(മുഖ്യ മന്ത്രി)**

(എ) സംസ്ഥാനത്ത്, ആധാർ, യുണിക് ഐ.ഡി, വോട്ടർ ഐഡി, റവന്യൂ കാർഡ്, വികലാംഗ കാർഡ് തുടങ്ങി വ്യത്യസ്തങ്ങളായ കാർഡുകൾ ഏർപ്പെടുത്തുകയും, അവയുടെ ഉപയോഗക്രമം മാറിമാറി പ്രസ്താവിക്കുകയും ചെയ്യുന്നതുമൂലം സാമാന്യ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു പരിഹരിക്കുന്നതിന് നടപടി കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ;

(എ) വ്യത്യസ്ഥങ്ങളായ കാർഡുകൾ ഏർപ്പെടുത്തുന്നതു മൂലം സാമാന്യ ജനങ്ങൾക്ക് ഉണ്ടായേക്കാവുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനാണ് കേന്ദ്ര സർക്കാർ ആവിഷ്കരിച്ച UIDAI യിലൂടെ നടപ്പിലാക്കുന്ന ആധാർ കാർഡ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. അതനുസരിച്ച് കേരളത്തിലെ ഏകദേശം 95% ജനങ്ങളെ ആധാർ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്.

(ബി) ഇത്രയേറെ തിരിച്ചറിയൽ സംവിധാനങ്ങളുണ്ടായിട്ടും, അനാഥ രോഗികളുടെയും തിരിച്ചറിയാനാവാത്ത മൃതതശരീരങ്ങളുടെയും എണ്ണം വർദ്ധിച്ചു വരുന്നതിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ;

(ബി) വിശകലനം ചെയ്തിട്ടില്ല. പൊതുജനങ്ങൾക്ക് സാധാരണ തിരിച്ചറിയൽ കാർഡ് നൽകിയത് കൊണ്ട് മാത്രം തിരിച്ചറിയൽ പ്രക്രിയ സുഗമമാവില്ല. ആയത് കൂടെ കരുതുകയും വേണം. ആധാർ ഒരു ബയോമെട്രിക് തിരിച്ചറിയൽ നമ്പർ ആകയാൽ മറ്റ് തിരിച്ചറിയൽ കാർഡുകളെക്കാൾ സൗകര്യപ്രദമാണ്.

(സി) സാങ്കേതിക വിദ്യ വളരെയേറെ വികസിച്ച ഇക്കാലത്ത് പരിശോധനയും അധിക വിവരമുൾപ്പെടുത്തലും എളുപ്പത്തിലാക്കി, എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി, ഒരു പൗരന് ഒരു സമ്പൂർണ്ണ കാർഡ് അവകാശമാക്കാനും, എല്ലാ ആവശ്യങ്ങൾക്കും അത് ഉപയുക്തമാക്കാനും പ്രസ്തുത കാർഡ് കൊണ്ട് നടക്കുന്നത് നിർബന്ധമാക്കാനും സംസ്ഥാന സർക്കാർ മുൻകൈയെടുക്കുമോ ?

(സി) ഒരു പൗരന് ഒരു സമ്പൂർണ്ണ കാർഡ് എന്ന ആധാർ കാർഡ് പദ്ധതി പൂർണ്ണ തോതിൽ നടപ്പിൽ വരുമ്പോൾ എല്ലാ ആവശ്യങ്ങൾക്കും ഉപയോഗപ്പെടുത്താവുന്നതാണ്.

**സെക്ഷൻ ഓഫീസർ**